**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **14-09-2023 - ൽ മറുപടിയ്ക്ക്**

**പോത്തുകൽ സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്ത് സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. നമ്പർ എസ്.ഐ.എൻ.ഡി. (എം) 169 എന്ന സംഘം വ്യവസായ വകുപ്പിനു കീഴിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കാമോ; ടി സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ്.ഐ.എൻ.ഡി. (എം) 169 എന്ന സംഘം വ്യവസായ വകുപ്പിനു കീഴിൽ 29.10.2019 - ൽ രജിസ്റ്റർ ചെയ്തു. നിയമാവലിയുടേയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പുകൾ അനുബന്ധം 1 -ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ടി സംഘത്തിന് സംസ്ഥാനത്തെ വിവിധ നിർമ്മാണ ജോലികൾ വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ധനവകുപ്പിന്റെ അക്രഡിറ്റേഷൻ ഉണ്ടോ എന്ന് അറിയിക്കാമോ; ടെൻഡറുകളിൽ പങ്കെടുത്തല്ലാതെ നേരിട്ട് നിർമ്മാണ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഏതെങ്കിലും പ്രത്യേക അനുമതികൾ മേൽ സംഘത്തിനുണ്ടോ എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ അനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ധനവകുപ്പിന്റെ അക്രഡിറ്റേഷനോ പ്രത്യേക അനുമതികളോ സംഘത്തിനില്ല. |
| (സി) | മേൽ സംഘത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും തസ്തികകളും ഏതൊക്കെയെന്ന് അറിയിക്കാമോ; വിവിധ നിർമ്മാണ പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ഥിരം തസ്തികകൾ ടി സംഘത്തിലുണ്ടോയെന്നും ആയതിന് സർക്കാരിന്റെ അംഗീകാരമുണ്ടോയെന്നും അറിയിക്കാമോ; | (സി) | 2 തസ്തികകൾ.<br>1) സെക്രട്ടറി - നിയമന നടപടികൾ സ്വീകരിച്ചു വരുന്നു.<br>2) സിവിൽ എഞ്ചിനീയർ (സാങ്കേതിക തസ്തിക നിയമനം സംബന്ധിച്ച് സർക്കാരിൽ നിന്ന് കൃത്യമായ നിർദ്ദേശം ലഭിക്കുന്നതുവരെ ഉപാധികളോടെ കൺസോളിഡേറ്റഡ് പേയിൽ താല്ക്കാലികമായി നിയമിക്കുന്നതിന് ഭരണസമിതിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | മേൽ സംഘത്തിന്റെ പ്രവർത്തന പരിധി നിശ്ചയിച്ചത് പോത്തുകൽ ഗ്രാമപഞ്ചായത്തിൽ മാത്രമാണോയെന്നും സംസ്ഥാനത്തെ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് | (ഡി) | സംഘം നിയമാവലി പ്രകാരം സംഘത്തിന്റെ പ്രവർത്തന പരിധി പോത്തുകല്ല് ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവനും, ഹെഡ്കോർട്ടർ നെട്ടിക്കുളവും ആണ്. പൊതുമരാമത്ത് നിർമ്മാണ പ്രവർത്തികൾ |

| | | | |
|---|---|---|---|
| | നിർവ്വഹിക്കുന്നതിനുള്ള വിവിധ ലൈസൻസുകൾ ടി സംഘത്തിന്റെ പേരിലുണ്ടോയെന്നും അറിയിക്കാമോ; ഉണ്ടെങ്കിൽ ലൈസൻസുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | | ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള PWD, KSEB, അനുമതികളും ഉദ്യം രജിസ്ട്രേഷനും ലൈസൻസുകളും സംഘത്തിനുണ്ട്. അവയുടെ പകർപ്പുകൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് സ്കിൽ ഡെവലപ്മെന്റ് മൾട്ടി പർപ്പസ്
ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ.
SIND(M).169, നെട്ടിക്കുളം, ഉപ്പട പി.ഒ, മലപ്പുറം-679334.

# നിബന്ധനകൾ

പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് സ്കിൽ ഡവലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ.

1. **പേരും ഘടനയും മേൽവിലാസവും.**

എ). ഈ സഹകരണ സംഘത്തിന്റെ പേര് പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് സ്കിൽ ഡവലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. S IND(M).169 , ഉപ്പട പി.ഒ, നെട്ടിക്കുളം, മലപ്പുറം ജില്ല - 679334 എന്നായിരിക്കും.

ബി). പ്രസ്തുത സഹകരണ സംഘം 1969 ലെ കേരള സഹകരണ സംഘം ആക്ട് (1969 21-ാം നമ്പർ ആക്ട് ) പ്രകാരം ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്തിരിക്കുന്നു.

2. **പ്രവർത്തന പരിധി.**

(1). ഈ സംഘത്തിന്റെ പ്രവർത്തന പരിധി പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് പ്രദേശം മുഴുവനും ആയിരിക്കും.

(2). ഈ സംഘത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് നെട്ടിക്കുളം ആയിരിക്കും.

3. **ഈ സഹകരണ സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.**

(1). സംഘത്തിന്റെ അംഗങ്ങളിൽ സഹകരണം, സ്വാശ്രയത്വം, മിതവ്യയം എന്നിവ പ്രോത്സാഹിപ്പിക്കുക.

(2). അംഗങ്ങളുടെ ഭൗതീക സാംസ്കാരിക പുരോഗതിക്കുവേണ്ടി സംഘത്തിന്റെ ലക്ഷ്യങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

(3). മരപ്പണി, കെട്ടിടനിർമ്മാണം, പെയിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, കൽപ്പണി, വെൽഡിംഗ്, കാറ്ററിംഗ്, ഇൻഫർമേഷൻ ടെക്നോളജി, മോട്ടോർ വാഹന റിപ്പയറിംഗ്, ഡ്രൈവിംഗ്, തെങ്ങ് കയറ്റം ഉൾപ്പെടെയുള്ള കാർഷിക അധിഷ്ഠിത ജോലികൾ തുടങ്ങി സ്കിൽഡ്, അൺസ്കിൽഡ് മേഖലയിലെ ബന്ധപ്പെട്ട എല്ലാ ജോലികളുടെയും പൊതു സേവന കേന്ദ്രവും കൂടാതെ അംഗങ്ങൾ നിർമ്മിക്കുന്ന വിവിധ ഉത്പന്നങ്ങൾക്ക് വിവിധ തരത്തിലുള്ള വിപണനം നൽകുന്നതും ഇതുമായി ബന്ധപ്പെട്ട ഏതു തരത്തിലുള്ള അനുബന്ധ തൊഴിലുകളും സംഘം നേരിട്ടോ അല്ലാതെയോ മറ്റുള്ള സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവരുമായി നടത്തുക.

(4). ബൈലോ ക്ലോസ് 3(3) ൽ സൂചിപ്പിച്ചതുപോലെയുള്ള എല്ലാ വിഷയങ്ങളിലും പരിശീലനങ്ങൾ മുതലായവ സംഘത്തിന്റെ മേൽനോട്ടത്തിൽ നേരിട്ടോ അല്ലാതെയോ നടത്തുക.

(5). മറ്റുള്ള സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവരുമായി ചേർന്ന് ബൈലോ ക്ലോസ് 3(4) ൽ പ്രതിപാദിച്ചിട്ടുള്ള പരിശീലനങ്ങൾ നടത്തുകയും പരിപോഷിപ്പിക്കുകയും അംഗങ്ങൾക്ക് നേരിട്ടോ അല്ലാതെയോ ഈ മേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനു വേണ്ട എല്ലാ നടപടികളും ചെയ്യുക.

(6). ബൈലോ ക്ലോസ് 3(3) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള വാണിജ്യ വ്യാപാര പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും നിർമ്മിച്ചോ വാങ്ങിയോ ഉപയോഗിക്കുക.

(7). അംഗങ്ങൾക്ക് കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾക്കനുസൃതമായി സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് തൊഴിലിനനുസൃതമായ വേതനം നൽകുക.

(8). അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ പ്രദാനം ചെയ്യുന്നതും വരുമാനം വർദ്ധിപ്പിക്കുന്നതുമായ മറ്റ് അനുബന്ധ വ്യവസായങ്ങൾ കാലാകാലങ്ങളിൽ തിരഞ്ഞെടുത്ത് സംഘത്തിന്റെ മേൽനോട്ടത്തിൽ നേരിട്ടോ അല്ലാതെയോ സംഘം തനതായോ മറ്റുള്ള സ്ഥാപനങ്ങളുമായോ വ്യക്തികളുമായോ ബന്ധപ്പെട്ടോ കൂട്ടായോ നടത്തുക.

(9). ഉപഭോക്താക്കളിൽ നിന്നോ ഗവൺമെന്റിൽ നിന്നോ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ / പ്രസ്ഥാനങ്ങളിൽ നിന്നോ കോൺട്രാക്ടുകളായോ അല്ലാതെയോ സംഘത്തിന്റെ ജോലികൾ ഏറ്റെടുത്ത് നടത്തുക.

(10). ഉപഭോക്താക്കളിൽ നിന്നും കിട്ടുന്ന വർക്ക് ഓർഡറുകൾ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വ്യക്തികളെ / സ്ഥാപനങ്ങളെകൊണ്ട് ചെയ്യിക്കുക. കൂടാതെ മറ്റ് വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ വർക്ക് ഓർഡറുകൾ സംഘം ഏറ്റെടുത്ത് ചെയ്ത് കൊടുക്കുക.

(11). ഉപഭോക്താക്കളിൽ നിന്നും കിട്ടുന്ന വർക്ക് ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താവിന്റെ താൽപര്യങ്ങൾക്കനുസൃതമായി അംഗങ്ങളെക്കൊണ്ട് ആ ഓർഡറുകൾ പണി തീർത്ത് കൊടുക്കുക.

(12). അംഗങ്ങൾ നിർമ്മിക്കുന്നതോ ഈ സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ഉത്പന്നങ്ങളോ വർക്ക് ഓർഡറുകളോ ഏറ്റെടുത്ത് വിപണനം നടത്തുക.

(13). ബൈലോ ക്ലോസ് 3(11) ൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ ഓർഡറുകൾ സ്വീകരിക്കുന്നതിനും ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനും ബ്രാഞ്ചുകൾ / വിപണന ശാലകൾ / കളക്ഷൻ സെന്ററുകൾ എന്നിവ തുടങ്ങി സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി ഏതു തരത്തിലുള്ള സ്ഥാപനങ്ങൾ സംഘം നേരിട്ടോ മറ്റുള്ള വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ കൂട്ടായി സ്ഥാപിക്കുക.

(14). സംഘം അഭിവൃദ്ധിയും അംഗങ്ങളുടെ താൽപര്യവും കണക്കിലെടുത്ത് കൂടുതൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുക, അംഗങ്ങളുടെ സാമ്പത്തിക വരുമാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭരണസമിതി നിശ്ചയിക്കുന്ന പ്രകാരം ജില്ലയിൽ ഏതു പ്രദേശത്തും സംഘത്തിന്റെ ബ്രാഞ്ചുകളും വ്യവസായ സ്ഥാപനങ്ങളും സ്ഥാപിക്കുക.

(15). വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് സംഘം തനതായോ മറ്റു വ്യക്തികൾ / സ്ഥാപനങ്ങളുമായി കൂട്ടായോ ചെയ്യുക.

(16). അംഗങ്ങൾക്ക് തൊഴിൽപരവും തൊഴിലധിഷ്ഠിതവുമായ സാങ്കേതിക പരിശീലനം സംഘം നേരിട്ടോ മറ്റുള്ള പ്രസ്ഥാനങ്ങളോ വ്യക്തികളോ സ്ഥാപനങ്ങൾ വഴിയോ കൂട്ടു സംരംഭമായോ നടപ്പിലാക്കുക.

(17). സംഘത്തിന്റെ വ്യാപാര ആവശ്യത്തിലേക്ക് വേണ്ടുന്ന സ്ഥലം. കെട്ടിടങ്ങൾ, വാഹനങ്ങൾ. ഉപകരണങ്ങൾ, സാധനസാമഗ്രികൾ എന്നിവ വാങ്ങിയോ സ്വന്തമായോ നിർമ്മിച്ചോ വാടകക്കെടുത്തോ മറ്റേതുവിധേനയോ എടുത്ത് ഉപയോഗിക്കുക.

(18). സംഘത്തിന്റെ പ്രവർത്തനങ്ങൾക്കും വളർച്ചക്കും ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനും വേണ്ടി അംഗങ്ങളിൽ നിന്നോ അംഗങ്ങളല്ലാത്തവരിൽ നിന്നോ വ്യവസായ വകുപ്പ് / സർക്കാർ / അർദ്ധസർക്കാർ / സർക്കാറിതര സ്ഥാപനങ്ങളിൽ നിന്നോ സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നോ മറ്റിതര വ്യവസായ-ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സാമ്പത്തികമായോ അല്ലാതെയോ ഉള്ള സഹായങ്ങൾ കടമായോ ഗ്രാന്റായോ സബ്സീഡിയായോ ഷെയറായോ മറ്റേതെങ്കിലും വിധത്തിലോ സ്വീകരിച്ച് സംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമുള്ള എല്ലാ ധനപരമോ അല്ലേതെയോ ഉള്ള സജ്ജീകരണങ്ങൾ ഒരുക്കുക.

(19). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാറുകൾ, വ്യക്തികൾ, കമ്പനികൾ മുതലായവയുടെ വിവിധയിനം കോൺട്രാക്ട് വർക്കുകൾ സ്വീകരിക്കുക, ഇലക്ട്രിക്കൽ ഫെൻസിംങ്, സോളാർ വൈദ്യുതി സംബന്ധമായ ഉപകരണങ്ങൾ വാങ്ങുകയും ഫെൻസിംങ്, സ്ഥാപിക്കുകയും ചെയ്യുക.

(20). അംഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്നതോ ഉണ്ടാകാവുന്നതോ ആയ വ്യവഹാരകാര്യങ്ങളിൽ മദ്ധ്യസ്ഥം വഹിച്ച് രാജിയാക്കാൻ ശ്രമിക്കുക.

(21). അംഗങ്ങളുടെ ആവശ്യത്തിനായി ക്വാർട്ടേഴ്സുകൾ, വിശ്രമ കേന്ദ്രങ്ങൾ, കാന്റീനുകൾ, ക്രഷുകൾ, ക്ലബ് എന്നിവ സ്ഥാപിക്കുകയും അവരുടെ ഗാർഹിക ആവശ്യങ്ങൾക്കും മറ്റും വേണ്ട സാധനങ്ങൾ ലാഭകരമായി വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

(22) സംഘത്തിലെ അംഗങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഈ മേഖലയിലുള്ള തൊഴിലാളികളുടെ തൊഴിലവസരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സമാന സ്വഭാവമുള്ള ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വ്യവസായ സംരംഭങ്ങളെ സംഘം നേരിട്ടോ അല്ലാതെയോ വ്യക്തികളുമായോ അല്ലെങ്കിൽ സ്ഥാപനങ്ങളുമായി കൂട്ടായോ. പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുത്ത് നടത്തുക. ഈ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ആധുനികവത്കരണവും യന്ത്രവത്ക്കരണവും നൂതന സാങ്കേതിക വിദ്യകളും സംഘത്തിൽ തനതായൊ കൂട്ടായോ നടപ്പിലാക്കുക.

(23). സംഘത്തിൽ നേരിട്ടും അല്ലാതെയും കാർഷികവൃത്തി ഉൾപ്പെടെയുള്ള തൊഴിൽ മേഖലയിലുള്ളവർക്ക് പരിശീലനം നൽകുന്നതിനായി ട്രെയ്നിംഗ് സെന്ററുകൾ സ്ഥാപിക്കുക. പ്രസ്തുത പരിശീലനം നൽകുന്നതിനായി അതാതു " മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള വ്യക്തികളെയോ, സ്ഥാപനങ്ങളെയോ ഇതിലേക്കായി നിയോഗിക്കുക. സംഘം നേരിട്ടോ മറ്റുള്ള വ്യക്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടോ വിവിധ തരത്തിലുള്ള തൊഴിലധിഷ്ഠിത പരിശീലന കോഴ്സുകൾ ഈ ട്രെയ്നിംഗ് സെന്ററുകളുടെ കീഴിൽ നടത്തുക. മറ്റേതെങ്കിലും അംഗീകൃത സ്ഥാപനത്തിന്റെ ഈ തൊഴിൽ മേഖലയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ അവരുടെ അവരുടെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ടു നടത്തി സർട്ടിഫിക്കറ്റ് നൽകുക.

(24). ഈ തൊഴിൽ മേഖലയിലുള്ളതും കാർഷികവൃത്തി ഉൾപ്പെടെയുള്ള വിദഗ്ദ്ധ / അവിദഗ്ദ്ധ തൊഴിൽ മേഖലയുമായി അനുബന്ധപ്പെട്ട് ഗവൺമെന്റ് / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് / മറ്റുള്ള സ്ഥാപനങ്ങൾ എന്നിവയുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആവിഷ്കരിക്കുകയും അവ വേണ്ട രീതിയിൽ നടപ്പിലാക്കുകയും ചെയ്യുക.

(25). ലെതർ, സിന്തറ്റിക് ഫൈബറുകൾ, നാച്ചുറൽ ഫൈബറുകൾ തുടങ്ങിയ ഏതു തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ഉൽപന്നങ്ങൾ ഉണ്ടാക്കുകയും മേൽപറഞ്ഞ ഉൽപന്നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനം നൽകുകയും ചെയ്യുക.

(26). കാർഷികവൃത്തി ഉൾപ്പെടെയുള്ള വിദഗ്ദ്ധ / അവിദഗ്ദ്ധ തൊഴിലുമായി ബന്ധപ്പെട്ട് ഏതു മേഖലയിലും സംഘം നേരിട്ടോ മറ്റ് വ്യക്തികൾ / സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ മറ്റ് വ്യക്തികൾ / സ്ഥാപനങ്ങളുമായി കൂട്ടുചേർന്നോ പരിശീലനം നൽകുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക.

(27). സർക്കാർ / അർദ്ധ സർക്കാർ, മറ്റുള്ള അംഗീകൃത സ്ഥാപനങ്ങൾ എന്നിവയുടെയോ പ്രസ്തുത സ്ഥാപനങ്ങളുമായി കൂട്ടുചേർന്നോ അംഗങ്ങൾക്ക് തൊഴിലവസരം ഉണ്ടാക്കുവാനുള്ള ട്രെയ്നിംഗ് മറ്റിതര പ്രോഗ്രാമുകൾ എന്നിവ നടപ്പാക്കുക.

(28). സംഘത്തിന്റെ ഉത്പന്നങ്ങളോ അല്ലെങ്കിൽ സംഘവുമായി കൂട്ടുചേർന്ന മറ്റു സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളോ വിപണനം ചെയ്യുന്നതിന്റെ ഭാഗമായി ഒന്നോ അതിലധികമോ ബ്രാന്റ് നെയിം ഉണ്ടാക്കി വിപണനം നടത്തുക. ഇതിനായി സംഘം നേരിട്ടോ മറ്റുള്ള സ്ഥാപനങ്ങളുമായി കൂട്ടായോ വിപണന ശൃംഖല നടപ്പാക്കുക.

(29). സംഘത്തിലെ ഓരോ തൊഴിൽ മേഖലകളിൽ പ്രാവീണ്യമുള്ള അംഗങ്ങളെയും സംഘത്തിന്റെ കീഴിൽ പരിശീലനം ലഭിച്ച തൊഴിലാളികളെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ആവശ്യാനുസരണം നൽകുക.

(30). സംഘത്തിന്റെ ഉത്പന്നങ്ങൾക്ക് മറ്റു സ്ഥാപനങ്ങളിലോ വിദേശ രാജ്യങ്ങളിലോ വിപണനം നടത്തുന്നതിനായി സംഘത്തിന് നേരിട്ടോ മറ്റു സംഘം നേരിട്ടോ ഉള്ള സ്ഥാപനങ്ങളുമായി കൂട്ടായോ അവർ മുഖേനയോ വാണിജ്യ ശൃംഖല സൃഷ്ടിക്കുകയോ കയറ്റുമതിയോ ചെയ്യുക.

(31). സംഘത്തിന്റെ പ്രവർത്തനത്തിനുള്ള യന്ത്ര സാമഗ്രികൾ, അസംസ്കൃത വസ്തുക്കൾ, സെമി ഫിനിഷ്ഡ് പ്രോഡക്ട് എന്നിവ വിദേശ രാജ്യങ്ങളിൽ നിന്നോ അന്യ സംസ്ഥാന ങ്ങളിൽ നിന്നോ നേരിട്ടോ അല്ലാതെയോ സംഭരിക്കുക.

(32). അംഗങ്ങളുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസപരമായ ഉന്നമനത്തിനുവേണ്ടി സംഘം നേരിട്ടോ അല്ലാതെ മറ്റു വ്യക്തികൾ / സ്ഥാപനങ്ങൾ / പ്രസ്ഥാനങ്ങൾ എന്നിവ മുഖേനയോ അവരുമായി കൂട്ടായോ ഏതു തരത്തിലുമുള്ള വ്യവസായ, വാണിജ്യ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ സംരംഭങ്ങളിൽ ഏർപ്പെടുക.

(33). അംഗങ്ങൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുകയും അവരെ അതിൽ പങ്കാളിക ളാക്കുകയും ചെയ്യുക.

(34). അംഗങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് ഇ.എസ്.ഐ, ഗ്രൂപ്പ് ഇൻഷുറൻസ് പോലുള്ള സ്കീമുകൾ നടപ്പാക്കുക.

(35). സംഘത്തിലെ അംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനും വേണ്ടി സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു സമാനമായി പ്രവർത്തിക്കുന്ന മറ്റു സഹകരണ സംഘങ്ങളുമായി കൂട്ടു ചേർന്ന് പ്രവർത്തിക്കാവുന്നതും ആവശ്യമെന്നു കണ്ടാൽ ഇവയെല്ലാം ക്രോഡീകരിച്ചുകൊണ്ട് ഒരു അപ്പെക്സ് സംഘം രൂപീകരിക്കുക.

(36). മേൽപ്പറഞ്ഞ ബൈലോ ക്ലോസ് നമ്പർ 3(35) ന് സമാന്തര സ്വഭാവമുള്ള സംഘങ്ങളുടെ പൊതുയോഗത്തിലേക്ക് പ്രതിനിധികളെ അയക്കുക.

(37). അംഗങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലമുണ്ടാക്കുന്നതിനും ഭാവി സുരക്ഷിതമാക്കുന്നതിനും അംഗങ്ങളിൽ നിന്നും ത്രിഫ്റ്റ് സ്വീകരിക്കുക.

4. ഓഹരിയും അംഗത്വവും.

(1). സംഘത്തിന്റെ ഔദ്യോഗിക മൂലധനം 100,00,000/- (ഒരു കോടി) രൂപയായിരിക്കും. താഴെ പറയുന്നപ്രകാരം തുക സ്വരൂപിക്കാവുന്നതാണ്. അംഗങ്ങളുടെ ബാദ്ധ്യത അവർ എടുക്കുന്ന ഓഹരി മൂലധന തുകക്ക് ക്ലിപ്തപ്പെടുത്തുന്നതായിരിക്കും.

എ). വ്യക്തികളായ ഫുൾ മെമ്പർമാർക്ക് 500 രൂപ മൂല്യമുള്ള 10,000 ഓഹരി നൽകിക്കൊണ്ട് 50 ലക്ഷം രൂപ സ്വരൂപിക്കാവുന്നതാണ്. ഒരു ഫുൾ മെമ്പർക്ക് പരമാവധി 100 ഓഹരികൾ വരെ എടുക്കാവുന്നതാണ്. സർക്കാർ, മറ്റു സഹകരണ സംഘങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവക്ക് അംഗീകൃത മൂലധനത്തിന്റെ പരിധിയിൽ കവിയാത്ത വിധത്തിൽ എത്ര ഓഹരികൾ വേണമെങ്കിലും നൽകാവുന്നതാണ്. ഓഹരി ഒന്നിന് 100 രൂപ പ്രവേശന ഫീസായി സംഘത്തിന്റെ ഫുൾമെമ്പർഷിപ്പ് എടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ നൽകേണ്ടതാണ്. പ്രവേശന ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല. ഫുൾ മെമ്പർമാർക്ക് സംഘത്തിന്റെ ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്. ഓഹരിയിനത്തിലേക്കുള്ള 500 രൂപയും പ്രവേശനഫീസായ 100 രൂപയും ഒറ്റ ഗഡുവായി ഒടുക്കാവുന്നതാണ്. ഗഡുക്കളായി പണമടച്ച് ഫുൾ മെമ്പർഷിപ്പ് എടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ആദ്യഗഡുവായ 100 രൂപയും പ്രവേശന ഫീസും അടച്ച് ഒരു വർഷത്തിനുള്ളിൽ ബാക്കി തുകയായ 400 രൂപ അടക്കുമ്പോഴറ്റ മാത്രമേ ആ വ്യക്തിക്ക് ഫുൾ മെമ്പർഷിപ്പ് നൽകുകയുള്ളു. പ്രസ്തുത തുക ഈ ഒരു വർഷത്തിനുള്ളിൽ തുല്യ മൂന്നു ഗഡുക്കളായും അടക്കാവുന്നതാണ്. ഫുൾ മെമ്പർഷിപ്പിനുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാനുള്ള പൂർണ്ണ അധികാരം ഭരണസമിതിയുടേതു മാത്രമായിരിക്കും. ഫുൾ മെമ്പർഷിപ്പിനുവേണ്ടി ആദ്യ ഗഡു അടക്കുന്ന വ്യക്തികൾ നിശ്ചിത കാലാവധിക്കുള്ളിൽ മറ്റു ഗഡുക്കൾ അടക്കാതിരിക്കുന്ന പക്ഷം അവരുടെ ആ മെമ്പർഷിപ്പ് അപേക്ഷ ഒരു കാരണാവശാലും പിന്നീട് അനുവദിക്കാവുന്നതല്ല. ഓഹരിയിനത്തിലേക്ക് അടച്ച തുക ( പ്രവേശന ഫീസ് ഒഴികെ) അവസാന ഗഡു അടച്ചുതീർക്കേണ്ടിയിരുന്ന നിശ്ചിത തീയ്യതി മുതൽ 3 വർഷ കാലാവധി കഴിഞ്ഞ് അപേക്ഷകൻ ആവശ്യപ്പെടുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. എന്നാൽ ആദ്യ ഗഡു അടച്ച് നിശ്ചിത കാലാവധിക്കുള്ളിൽ തുടർന്നുള്ള ഗഡുക്കൾ അടക്കാതിരിക്കുന്ന വ്യക്തികൾക്ക് 500 (അഞ്ഞൂറ്) രൂപ അടച്ച് ( പ്രവേശന ഫീസ് ഒഴികെ ) ഫുൾ മെമ്പർഷിപ്പിനുവേണ്ടി ഒരപേക്ഷ ഭരണസമിതിയിലേക്ക് പുന:സമർപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷകന്റെ ഗഡുക്കളായി നേരത്തെ അടച്ച തുക തിരികെ നൽകാവുന്നതാണ്. ( പ്രവേശന ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.)

ബി). ഫുൾ മെമ്പർഷിപ്പിനു പുറമെ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുന്ന വ്യക്തികൾക്ക് കേരളാ സഹകരണ ചട്ടം 17 പ്രകാരം നോമിനൽ മെമ്പർഷിപ്പ് അനുവദിക്കാവുന്നതാണ്. നോമിനൽ ഓഹരിയായി 200 രൂപ മുഖവിലയുള്ള 10,000 ഓഹരികൾ പിരിച്ചെടുക്കാവുന്നതാണ്. സംഘവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് 200 രൂപ മൂല്യമുള്ള നോമിനൽ ഷെയറുകൾ അപ്രകാരം അനുവദിക്കാവുന്നതാണ്. നോമിനൽ അംഗത്വ ഫീസായ 200 രൂപയും പ്രവേശന ഫീസായ 50 രൂപയും ചേർന്ന് 250 രൂപ നോമിനൽ മെമ്പർഷിപ്പിനു വേണ്ടി ഒറ്റ ഗഡുവായി അടക്കേണ്ടതാണ്. നോമിനൽ അംഗത്വം തുടരാനാഗ്രഹിക്കാത്ത വ്യക്തികൾക്ക് മെമ്പർഷിപ്പ് ഫീസ് അടച്ച തീയ്യതി മുതൽ മൂന്നു

വർഷത്തിനുശേഷം തിരിച്ചു നൽകാവുന്നതാണ്. നോമിനൽ മെമ്പർമാർക്ക് സംഘത്തിന്റെ ലാഭ വിഹിതത്തിലോ ആസ്തിയിലോ യാതൊരു തരത്തിലുമുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. നോമിനൽ മെമ്പർമാർക്ക് സംഘത്തിന്റെ ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. പ്രവേശന ഫീസ് ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

സി). വ്യവസായ വകുപ്പ്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, മറ്റു സഹകരണ പ്രസ്ഥാനങ്ങൾ എന്നിവക്ക് ഇൻസ്റ്റിറ്റ്യൂഷണൽ മെമ്പർഷിപ്പ് അനുവദിക്കാവുന്നതാണ്. ഇൻഡസ്ട്രിയൽ ഓഹരിയായി 500 രൂപ മുഖവിലയുള്ള 6000 ഓഹരികൾ പിരിച്ചെടുക്കാവുന്നതാണ്. സംഘത്തിൽ നിന്ന് ഇൻസ്റ്റിറ്റ്യൂഷണൽ മെമ്പർഷിപ്പ് എടുക്കുന്ന സ്ഥാപനങ്ങൾക്ക് സംഘത്തിന്റെ ഭരണ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഷെയർ എടുക്കുന്നതിന് മെമ്പർഷിപ്പ് ഫീസ് ഈടാക്കുന്നതല്ല. ഇപ്രകാരം ഇൻസ്റ്റിറ്റ്യൂഷണൽ മെമ്പർഷിപ്പ് ഉള്ള സ്ഥാപനങ്ങൾക്ക് ഖണ്ഡിക 4(1)എ. പ്രകാരം ഓഹരി എടുക്കാവുന്നതാണ്.

(2) അംഗത്വം.

എ). സംഘത്തിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുന്ന വ്യക്തി ആയിരിക്കണം. 18 വയസ് പൂർത്തിയാകുകയും സ്വസ്ഥബുദ്ധിയുള്ളവരും, കാർഷികവൃത്തി ഉൾപ്പെടെയുള്ള വിദഗ്ദ്ധ / അവിദഗ്ദ്ധ തൊഴിലുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അംഗമായി ചേരുവാൻ യോഗ്യത ഉണ്ടായിരിക്കുന്നതാണ്.

ബി). അംഗത്വത്തിനുള്ള യോഗ്യതകൾ.

1). കാർഷികവൃത്തി ഉൾപ്പെടെയുള്ള വിദഗ്ദ്ധ / അവിദഗ്ദ്ധ തൊഴിലുമായി ബന്ധപ്പെട്ട പരിചയമുള്ളവർക്കായിരിക്കും ഈ സംഘത്തിന്റെ അംഗങ്ങളാകുന്നതിനുള്ള പ്രാഥമിക യോഗ്യത.

2). ആദ്യ പൊതുയോഗം ചേർന്ന് 3 മാസം കഴിഞ്ഞ ശേഷം ആവശ്യമായ പരിശീലനം നൽകി അംഗങ്ങളെ ചേർക്കാവുന്നതാണ്.

3). ഫുൾ മെമ്പർഷിപ്പിനോ നോമിനൽ മെമ്പർഷിപ്പിനോ അപേക്ഷിക്കുന്ന വ്യക്തികൾ നിശ്ചിത അപേക്ഷാ ഫോറത്തിൽ കേരള സഹകരണ സംഘം ആക്ടിലെയും റൂളിലെയും ഈ ബൈലോയിലെയും നിബന്ധനകൾക്ക് വിധേയമായി വേണം മെമ്പർഷിപ്പിനുള്ള അപേക്ഷ സംഘത്തിന്റെ ഭരണസമിതിയിലേക്ക് സമർപ്പിക്കാൻ. ഈ സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതോ അതുമായി ബന്ധപ്പെട്ടിട്ടുള്ള വ്യവസായ തൊഴിൽമേഖലകളിൽ പ്രതിപാദിച്ചിട്ടുള്ളവരോ ആയിരിക്കണം അപേക്ഷകർ. ടൈലോ ക്ലോസ് 3 ൽ പ്രതിപാദിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളുടെ ഗുണകാംക്ഷികളെ അംഗത്വത്തിലേക്ക് ചേർക്കുന്നത് കേരള സഹകരണസംഘം ചട്ടം 17 ലെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം. ഒരു പ്രത്യേക അവകാശമെന്ന നിലയിൽ അംഗത്വം സമ്പാദിക്കാൻ യാതൊരാൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

4). ഒരു ഫുൾ മെമ്പർ മരണപ്പെടുകയാണെങ്കിൽ.

എ). അനന്തരാവകാശിയുടെ പേര് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ കേരള സഹകരണ സംഘം ആക്ടും റൂളും സംഘത്തിന്റെ ബൈലോയും പ്രകാരം ഈ അവകാശിക്ക് ഫുൾ മെമ്പറാകാൻ യോഗ്യതയുണ്ടെങ്കിൽ അയാളുടെ അപേക്ഷയിൻമേൽ യുക്തമായ തീരുമാനം എടുക്കാനുള്ള അധികാരം ഡയരക്ടർബോർഡിൽ നിക്ഷിപ്തമായിരിക്കും.

ബി). നോമിനിയുടെ പേര് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ മരിച്ച മെമ്പറുടെ നിയമപരമായ അവകാശിയെ നോമിനിയായി പരിഗണിച്ച് പ്രസ്തുത വ്യക്തിയുടെ അപേക്ഷയിൻമേൽ അംഗത്വത്തിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കാനുള്ള അധികാരം ഡയരക്ടർബോർഡിൽ നിക്ഷിപ്തമായിരിക്കും.

സി). മരിച്ച ഫുൾ മെമ്പറുടെ നോമിനി / നിയമപരമായ അവകാശി കേരള സഹകരണ സംഘം ആക്ടും റൂളും സംഘത്തിന്റെ ബൈലോയും പ്രകാരം ഫുൾ മെമ്പർഷിപ്പിന് യോഗ്യനല്ലെങ്കിൽ, ആ വ്യക്തിക്ക് ഫുൾ മെമ്പറാകാൻ താല്പര്യമില്ലെങ്കിൽ, മരണപ്പെട്ട മെമ്പർക്ക് സംഘത്തിലേക്ക് ബാധ്യതകൾ ഉണ്ടെങ്കിൽ അതു കിഴിച്ച് ഷെയർ തുകയുടെ മിച്ചം നോമിനിക്ക് / നിയമപരമായ അവകാശിക്ക് നൽകാനുള്ള അധികാരം ഡയരക്ടർബോർഡിന് ഉണ്ടായിരിക്കും.

ഡി). മരണപ്പെട്ട വ്യക്തിയുടെ കൈവശമിരിക്കുന്ന സംഘത്തിന്റെ തുകകളോ വസ്തുക്കളോ സ്ഥാവരജംഗമ വസ്തുക്കളോ മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കളിൽ നിന്നോ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അല്ലെങ്കിൽ മരണപ്പെട്ട വ്യക്തിയുടെ നോമിനി / നിയമപരമായ അവകാശിയുടെ സ്വത്തുക്കളിൽ നിന്നോ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കിയെടുക്കുന്നതിന് ഭരണസമിതിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.മെമ്പറുടെ സംഘത്തിലേക്കുള്ള ബാധ്യതകൾ മരണം മൂലമോ സ്വബുദ്ധിയില്ലായ്മ മൂലമോ ജോലി ചെയ്യാനുള്ള കെൽപില്ലാതാകുന്നതുമൂലമോ സംഘത്തിൽ നിന്ന് പുറത്താക്കപ്പെടുന്നതു മൂലമോ രാജിവെക്കുന്നതു മൂലമോ മറ്റു കാരണങ്ങളാലോ ഇല്ലാതാകുന്നതല്ല.

5. **കടങ്ങൾ.**

അംഗങ്ങളിൽ നിന്നോ മറ്റുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഘത്തിന് പണം കടമായോ ഗ്രാന്റായോ സബ്സീഡിയായോ ഓവർഡ്രാഫ്റ്റായോ ക്യാഷ് ക്രഡിറ്റായോ മറ്റുവിധേനയോ സംഘത്തിന്റെ ബൈലോ പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനായി നേരിട്ടോ അല്ലാതെയോ വാങ്ങാവുന്നതാണ്. ഈ രൂപത്തിൽ സ്വരൂപിക്കുന്ന പണം അത് നൽകുന്ന പ്രസ്ഥനങ്ങളുടെ നിബന്ധനകൾക്ക് വിധേമായി സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. കടമായി വാങ്ങാവുന്ന ആകെ തുക സംഘത്തിന്റെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധന ത്തിന്റെയും കരുതൽ ധനത്തിന്റെയും 150 ഇരട്ടി ആയിരിക്കും.

6. **ഭരണ സമിതിയുടെ ഘടനയും തിരഞ്ഞെടുപ്പും.**

സംഘത്തിന്റെ ഭരണ ചുമതല ഡയരക്ടർ ബോർഡിൽ നിക്ഷിപ്തമായിരിക്കും. ബോർഡിൽ 9 അംഗങ്ങൾ ഉണ്ടായിരിക്കുന്നതായിരിക്കുന്നതാണ്. തിരഞ്ഞെ ടുക്കപ്പെടുന്ന ബോർഡിന്റെ കാലാവധി ഇലക്ഷൻ തീയ്യതി മുതൽ 5 വർഷത്തേക്കായിരിക്കും. ഫുൾ മെമ്പർമാരിൽ നിന്നും മാത്രമേ ഡയരക്ടർ ബോർഡിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കാൻ പാടൊള്ളു. ഡയരക്ടർ ബോർഡിൽ പട്ടികജാതി / വർഗ്ഗത്തിൽ നിന്നുള്ള ഒരംഗം 3 വനിതാ അംഗങ്ങൾ എന്നിവർ ഉണ്ടായിരിക്കണം.

7. **പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി.**

ഈ ഡയരക്ടർ ബോർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡണ്ട് ഉണ്ടായിരിക്കുന്നാണ്. കൂടാതെ പ്രസിഡണ്ടിന്റെ അഭാവത്തിൽ പ്രസിഡണ്ടിന്റെ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്ന തിനും ബോർഡിൽ നിന്നും ഒരു വൈസ് പ്രസിഡണ്ടിനെ കൂടി തിരഞ്ഞെടുക്കേണ്ടതാണ്.

സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സംഘത്തിന്റ റിക്കാർഡുകൾ യഥാവിധി എഴുതി സൂക്ഷിക്കുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതിനും മെമ്പർമാരുടെ സംഘവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കോർട്ട് നോക്കി നടത്താനും ഉൾപ്പെടെയുള്ള അനവധി പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഭരണസമിതിയിൽ നിന്ന് കാര്യക്ഷമതയുള്ള ഒരു ഡയരക്ടറെ സെക്രട്ടറിയായി തിരഞ്ഞെടുക്കേണ്ടതാണ്. കേരള സഹകരണ സംഘം ആക്ടിലും റൂളിലും പുറമെ ഈ ബൈലോയിലും പ്രതിപാദിക്കുന്ന എല്ലാ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും ഈ സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. സംഘത്തിന്റെ പ്രവർത്തനങ്ങൾക്കും പുരോഗതിക്കും വേണ്ടി ഒരു പെയ്ഡ് സെക്രട്ടറിയുടെ സേവനം ആവശ്യമുണ്ടെന്ന് ഡയരക്ടർ ബോർഡിന് തോന്നുന്ന പക്ഷം പ്രസ്തുത സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള അധികാരം ഡയരക്ടർ ബോർഡിൽ നിക്ഷിപ്തമായിരിക്കും.

8. **ഡയരക്ടർ ബോർഡിന്റെ അധികാരങ്ങൾ.**

കേരള സഹകരണ സംഘം നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി താഴ പറയുന്ന അധികാരങ്ങൾ ഡയരക്ടർ ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

എ). സംഘത്തിലേക്ക് അംഗങ്ങളെ ചേർക്കുകയും ഓഹരി അനുവദിക്കുകയും ചെയ്യുക.

ബി). മാസത്തിലൊരിക്കലെങ്കിലും സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികൾ തീരുമാനിക്കുന്നതിനും മാസാന്ത്യ വരവു ചിലവു കണക്കുകൾ അംഗീകരിക്കാനും ഭരണ സമിതി യോഗം ചേരുക.

സി). ഭരണ സമിതി യോഗം ചേരുന്നതിനുള്ള നോട്ടീസിന്റെ സമയപരിധി 3 ദിവസമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. എന്നാൽ അടിയന്തിര ഘട്ടത്തിൽ ഡയരക്ടർമാരെ ടെലിഫോൺ മുഖാന്തിരം അറിയിച്ച് 24 മണിക്കൂറിനുള്ളിൽ ഭരണസമിതി കൂടാവുന്നതാണ്.

ഡി). ഒരു ഭരണ സമിതി കൂടേണ്ട അത്യാവശ്യ വിഷയമെങ്കിൽ പ്രസിഡന്റോ പ്രസിഡണ്ടിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ ഒരു സർക്കുൾ മിനുട്സിലൂടെ ഭരണ സമിതിയംഗങ്ങളുടെ പ്രസ്തുത വിഷയത്തിലുള്ള തീരുമാനം ആരായാവുന്നതാണ്.ഈ സർക്കുലർ മിനുട്സിലൂടെ വരുന്ന ഡയരക്ടർമാരുടെ മറുപടിയിൽ ഭൂരിപക്ഷത്തിന്റെ തീരുമാനം നടപ്പിലാക്കേണ്ടതാണ്. ഈ വിഷയം അടുത്തുകൂടുന്ന ഭരണ സമിതി യോഗത്തിൽ വായിച്ച് രേഖപ്പെടുത്തേണ്ടതാണ്.

ഇ). സംഘത്തിന്റെ മെമ്പറുമായും സംഘവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുമായും ഉള്ള കരാറുകള വെക്കാനും തൊഴിലധിഷ്ഠിതമായ വേതനം നിശ്ചയിക്കാനും കാലാകാലങ്ങളിൽ അതിനെ അവലോകനം ചെയ്ത് പുതുക്കുന്നതിനുമുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സംഘവുമായി അനുബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ട്രെയ്നിംഗ് സെന്ററുകളിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള വേതനം രജിസ്ട്രാറുടെ അംഗീകാരത്തിനു വിധേയമായി നിശ്ചയിക്കാനും അത് നൽകുന്നതിനുമുള്ള അധികാരം ഭരണ സമിതിക്കായിരിക്കും. സംഘത്തിലെ മെമ്പർമാരുടെ തൊഴിലിനനുസരിച്ച് അവരുടെ വേതനം നിജപ്പെടുത്തി നൽകുന്നതിനുള്ള അധികാരം ഭരണ സമിതിക്കായിരിക്കും.

എഫ്). സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനുവേണ്ടി ആവശ്യമായ ധനം സ്വരൂപിച്ച് അത് വേണ്ട വിധം അനുയോജ്യമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള അധികാരം ഭരണ സമിതിക്കായിരിക്കും. ഇതിലേക്കായി സെക്രട്ടറിയോടൊപ്പം ഒന്നോ ഒന്നിൽകൂടുതൽ ഡയരക്ടർമാരെയോ മെമ്പർമാരെയോ ഈ പ്രവർത്തനത്തിനു വേണ്ടി ഭരണ സമിതിക്കു നിശ്ചയിച്ചു ചുമതലപ്പെടുത്താവുന്നതാണ്.

-27-

സ്ഥാവര ജംഗമ വസ്തുക്കളുടെയും റിക്കാർഡ് സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ കാലഹരണപ്പെട്ടുപോകുന്നവയെ മാറ്റി പുതിയവ വാങ്ങുന്നതിനുള്ള അധികാരവും ഭരണ സമിതിയിൽ നിക്ഷിപ്തമാണ്. സംഘത്തിന്റെ ക്യാഷ് ബാലൻസിന്റെ സൂക്ഷിപ്പുകാരൻ സെക്രട്ടറി ആയിരിക്കും. ഇതിന് മേൽനോട്ടം വഹിക്കേണ്ട ഉത്തരവാദിത്വം പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.

എച്ച്). സംഘത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ രജിസ്റ്ററുകൾ എല്ലാം കൃത്യമായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. ഇതിലേക്കായി ബോർഡ് നിശ്ചയിക്കുന്ന ഡയരക്ടർമാരുടെയോ മെമ്പർമാരുടെയോ സേവനം സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉപയോഗിക്കാവുന്നതാണ്.

ഐ). സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിന്റെ ഭാഗമായി സബ് കമ്മറ്റികൾ ഉണ്ടാക്കുന്നതിനും ആ കമ്മറ്റികളിൽ അംഗങ്ങളെയോ സംഘത്തിനു പുറത്തു നിന്നുള്ള വിദഗ്ദ്ധരെയോ ഉൾപ്പെടുത്തിക്കൊണ്ട് സംഘത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുള്ള കമ്മറ്റിയിലെ വ്യക്തികൾക്ക് ന്യായമായുള്ള പ്രതിഫലം നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരവും ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

ജെ). സംഘത്തിലെ മെമ്പർമാരുടെ ക്ഷേമത്തിനുവേണ്ടി നിയമപരമായ ഏതു കമ്മറ്റിയും ഓഫീസർമാരെയും മറ്റുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഉണ്ടാക്കുവാനുള്ള അധികാരവും ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

കെ). മെമ്പർമാർക്ക് ഗുണമുണ്ടാക്കുന്നതും സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായ സാമൂഹിക ഉന്നമനത്തിനും വേണ്ടി ഏതുതരത്തിലുമുള്ള ക്ഷേമ പദ്ധതികളും സംഘത്തിന് നേരിട്ടോ അല്ലാതെയോ പങ്കാളികളാകാനുള്ള തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

എൽ). സംഘത്തിന്റെ ഡയരക്ടർമാരൊഴികെ ഏതൊരു ഉദ്യോഗസ്ഥരിൽ നിന്നോ, പ്യൂതതി ഏറ്റെടുക്കുന്ന മെമ്പറിൽ നിന്നോ അനുയോജ്യമെന്ന് ബോർഡ് കരുതുകയാണെങ്കിൽ ഭരണ സമിതി നിശ്ചയിക്കുന്ന തുക സെക്യൂരിറ്റിയായി വാങ്ങാവുന്നതാണ്.

എം). സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപ നിബന്ധനകൾ തയ്യാറാക്കി അംഗീകരിച്ച് നടപ്പിൽ വരുത്തുന്നതിന് ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കും.

എൻ). സംഘത്തിന്റെ ഏറ്റെടുക്കുന്ന ഏതു ജോലിക്കും അനുയോജ്യമായ ഫീസ് അല്ലെങ്കിൽ കൂലി നിശ്ചയിക്കുന്നതിനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

ഒ). സംഘത്തിന്റെ ഉദ്യോഗസ്ഥർക്കെതിരെയോ മെമ്പർമാർക്കെതിരെയോ ഡയരക്ടർമാർക്കെതിരെയോ . പുറത്തുള്ള വ്കതികൾ/ സ്ഥാപനങ്ങൾക്കെതിരെയോ നിയമപരമായ നടപടികൾ കൈക്കൊള്ളുവാനുമ അവ നടത്തിക്കൊണ്ടുപോകുവാനും ഒത്തുതീർപ്പാക്കുവാനും പിൻവലിക്കുവനുമുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

പി). സംഘത്തിന്റ വാർഷിക റിപ്പോർട്ട്, ബഡ്ജറ്റ് തുടങ്ങിയവ ഉണ്ടാക്കുന്നതിനും സംഘത്തിന്റെ പ്രതിമാസ വരവു ചിലവു കണക്ക് സെക്രട്ടറി തയ്യാറാക്കി സമർപ്പിക്കുന്നത് വായിച്ച് അംഗീകരിക്കാനും ഉള്ള അധികാരവും ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

ക്യൂ). സംഘത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസിഡണ്ടിനും സെക്രട്ടറിക്കും മറ്റു ഡയറക്ടർമാർക്കും ഓണറേറിയം നിശ്ചയിച്ച് നല്കുന്നതിനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

C

ആർ). സംഘത്തിന്റെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരുടെ അച്ചടക്ക ലംഘനങ്ങൾക്കെതിരായി ഉചിതമായ നടപടികൾ കേരള സഹകരണ സംഘം നിയമം, ചട്ടം എന്നിവ പ്രകാരം എടുക്കുവാനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

എസ്). പ്രസിഡന്റിനും സെക്രട്ടറിക്കും സംഘത്തിനു വേണ്ടി ചിലവാക്കാവുന്ന തുക ചിലവുകളുടെ പരിധി കാലാകാലങ്ങളിൽ നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

റ്റി). സംഘത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ വെളിപ്പെട്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനും പൊതുയോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

യു). സംഘത്തിന്റെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും റീ-ടെയ്ൽ ഔട്ട്ലെറ്റുകൾ, കളക്ഷൻ സെന്ററുകൾ തുടങ്ങിയവ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

വി). സംഘത്തിന്റെ ബൈലോയിൽ പ്രതിപാദിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനു വേണ്ടി സംഘം ഒറ്റക്കോ മറ്റു വ്യക്തികൾ / സ്ഥാപനങ്ങളുമായി കൂട്ടായോ സംരംഭങ്ങൾ നടത്തുന്നതിന് തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

ഡബ്ലിയു). സംഘത്തിന്റെ വളർച്ചക്കും ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനും ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം ആവശ്യാനുസരണം ഏതെങ്കിലും ഡയരക്ടർക്കോ, സെക്രട്ടറിക്കോ, പ്രസിഡന്റിനോ, കൂട്ടായോ തനതായോ കൈമാറ്റം ചെയ്യാനുള്ള അധികാരം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

എക്സ്). നൂതനമായ അനുബന്ധ തൊഴിലുകൾ പഠിക്കാനായോ, സംഘം നടത്തി ക്കൊണ്ടു പോകുന്ന പ്രവർത്തനങ്ങളുടെ വളർച്ചക്കു വേണ്ടിയോ സംഘത്തിനു പുറത്തുള്ള ഏതു സ്ഥാപനത്തിലും സംഘത്തിലെ മെമ്പർമാരെ ട്രെയ്നിംഗിന് അയക്കുന്നതിനുള്ള തീരുമാനം ഡയരക്ടർ ബോർഡിന് എടുക്കാവുന്നതാണ്.

9. **പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും.**

സംഘത്തിന്റെ എല്ലാ കാര്യങ്ങളിലും പ്രസിഡന്റിന് ഒരു പൊതു നിയന്ത്രണവും ചുവടെ ചേർക്കുന്ന അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

എ). സംഘത്തിന്റെ ഭരണ സമിതി യോഗങ്ങളുടെ അദ്ധ്യക്ഷൻ പ്രസിഡന്റ് ആയിരിക്കും. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റായിരിക്കും അദ്ധ്യക്ഷൻ. ഇവർ രണ്ടുപേരു ടെയും അഭാവത്തിൽ ആ യോഗം തിരഞ്ഞെടുക്കുന്ന ഒരു ഡയരക്ടർ അദ്ധ്യക്ഷത വഹിക്കുന്നതായിരിക്കും.

ബി). ഭരണ സമിതി യോഗങ്ങളും വാർഷിക പൊതുയോഗങ്ങളും വിശേഷാൽ പൊതുയോഗങ്ങളും വിളിച്ചുകൂട്ടുന്നതിനുള്ള അധികാരം പ്രസിഡന്റിനായിരിക്കും.

സി). സഹകരണ നിയമത്തിലും ചട്ടത്തിലും ആ ബൈലോയിലും പ്രതിപാദിച്ചിട്ടുള്ള അധികാരങ്ങൾക്കു പുറമെ പ്രസിഡന്റിന് ഡയരക്ടർ ബോർഡ് നൽകുന്ന അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും നിയമപരമായി പൂർണ്ണ അധികാരമുണ്ടാ യിരിക്കും.

സി). ഭരണ സമിതി യോഗത്തിൽ വോട്ടെടുപ്പ് വേണ്ടിവരുന്ന സന്ദർഭങ്ങളിൽ വോട്ടുകൾ തുല്യമായി വന്നാൽ അദ്ധ്യക്ഷന് സ്വന്തം വോട്ടിനു പുറമെ ഒരു കാസ്റ്റിംഗ് വോട്ടുകൂടി ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.

എ). പ്രസിഡന്റിന്റെ നിയന്ത്രണത്തിനു വിധേയമായി ഭരണ സമിതിയുടെ തീരുമാനങ്ങൾക്കും സഹകരണ നിയമത്തിലും ചട്ടത്തിലും ഈ ബൈലോയിലും ഉള്ള അധികാരങ്ങൾക്കനുസൃതമായി സംഘത്തിന്റെ ദൈനംദിന ഭരണ ചുമതല സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

ബി). പ്രസിഡന്റിന്റെയോ, വൈസ് പ്രസിഡന്റിന്റെയോ നിർദ്ദേശ പ്രകാരം ഭരണ സമിതി യോഗം വിളിച്ചുകൂട്ടുകയും ആ ബോർഡ് മീറ്റിംഗിന്റെ മിനുട്സ് എഴുതി സൂക്ഷിക്കുകയും ചെയ്യുക.

സി). ഭരണ സമിതി തീരുമാനത്തിനനുസൃതമായി സംഘത്തിന്റെ വരവു ചിലവു നിയന്ത്രിക്കുകയും സംഘത്തിനുവേണ്ടി പണം സ്വീകരിക്കുകയും ചെയ്യുക.

ഡി). സംഘത്തിന്റെ ഇടപാടു നടത്തുന്നതിനുള്ള രസീതുകൾ, വൗച്ചറുകൾ മുതലായ പ്രമാണങ്ങൾ തയ്യാറാക്കുകയും അവ സൂക്ഷിക്കുകയും ചെയ്യുക.

ഇ). സംഘത്തിനുവേണ്ടി കത്തിടപാടുകൾ നടത്തുകയും അംഗങ്ങൾക്ക് ആവശ്യമുള്ള വിവരങ്ങൾ നൽകുകയും ചെയ്യുക.

എഫ്). സംഘത്തിൽ നിന്ന് ശമ്പളം വാങ്ങുന്ന ജീവനക്കാരെ നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക. നിയമപരമായി ഏതെങ്കിലും മെമ്പർക്കെതിരെയോ ജീവനക്കാർക്കെതിരായോ ജോലിയിലുള്ള അപാകതകൾ തിരുത്തുവാൻ വേണ്ട എല്ലാ നടപടികളും സെക്രട്ടറി കൈക്കൊള്ളുമ്പോൾ അതിലേക്കായി പ്രസിഡന്റിന്റെ പ്രത്യേക അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

ജി). സംഘത്തിന്റെ രസീതുകൾ സെക്രട്ടറി നേരിട്ട് ഒപ്പിടുകയോ അല്ലെങ്കിൽ ഭരണ സമിതി തീരുമാനത്തിനനുസൃതമായി മറ്റു ഡയരക്ടർമാരുമായി കൂട്ടുചേർന്ന് ഒപ്പിടുകയോ അല്ലെങ്കിൽ മറ്റ് മെമ്പർമാർക്കോ ഡയരക്ടർമാർക്കോ ഈ ചുമതല നിർവ്വഹിക്കുന്നതിനുള്ള അധികാരം ഡയരക്ടർ ബോർഡിന്റെ നിർദ്ദേശപ്രകാരം നൽകുകയും ആ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി കുറവുകൾ നികത്തുകയും ഇതിനെകുറിച്ച് കാലാകലങ്ങളിൽ ഭരണ സമിതിയിലേക്ക് വിശദീകരണം നൽകേണ്ടതും സെക്രട്ടറിയുടെ ഉത്തരവാദിത്വമായിരിക്കും.

എച്ച്). ഭരണ സമിതി ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ സ്വയമോ മറ്റു ഡയരക്ടർമാരുമായി കൂട്ടായോ ഏറ്റെടുത്ത് നടത്തുക.

ഐ). സംഘത്തിനുവേണ്ടി വ്യവഹാരം നടത്തുന്നതിനോ വ്യവഹരിക്കപ്പെടുന്നതിനോ അധികാരമുള്ള ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കും.

ജെ). അത്യാവശ്യ കാര്യങ്ങൾക്ക് സെക്രട്ടറി ലീവെടുക്കുകയാണെങ്കിൽ ഒരു ഡയരക്ടർക്ക് സെക്രട്ടറിയുടെ ചുമതല നൽകാവുന്നതാണ്. ആ കാലയളവിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു ചെയ്യുന്ന ഡയരക്ടർക്ക് സെക്രട്ടറിയുടെ എല്ലാ അധികാരവും ഉണ്ടായിരിക്കുന്നതാണ്.

കെ). സംഘത്തിലെ പ്രവർത്തനങ്ങൾ ഭരണ സമിതി നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ സെക്രട്ടറി അവലോകനം ചെയ്തു അതിലെ ന്യൂനതകൾ ചൂണ്ടികാണിച്ചുകൊണ്ട് ഭരണ സമിതി മുമ്പാകെ അവതരിപ്പിക്കേണ്ടതും ഭരണ സമിതിയുടെ നിർദ്ദേശപ്രകാരം മാറ്റം വരുത്തിക്കൊണ്ട് സംഘത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകേണ്ടതുമാണ്.

എൽ). സംഘത്തിലെ മെമ്പർമാർക്ക് തൊഴിൽ ഉത്തരവാദിത്വങ്ങൾ വീതിച്ചു നൽകേണ്ടതും അവരുടെ പ്രവർത്തനം ദൈനംദിനം അവലോകനം ചെയ്ത് വേണ്ട തിരുത്തലുകൾ വരുത്തിക്കൊണ്ട് മുന്നോട്ട് കൊണ്ടു പോകുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. ഇതിലേക്കുവേണ്ടി സെക്രട്ടറിക്ക് ഭരണ സമിതിയിലുള്ള അംഗങ്ങളുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

എം). സംഘത്തിന്റെ എല്ലാ ബാങ്ക് അക്കൗണ്ടുകളും സെക്രട്ടറിയും പ്രസിഡന്റും ചേർന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്. സംഘത്തിനുവേണ്ടി വാങ്ങുന്ന സ്ഥാവര ജംഗമ വസ്തുക്കളും സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലായിരിക്കും.

എൻ). സംഘത്തിലേക്ക് വാങ്ങുകയോ ഉണ്ടാക്കുകയോ മറ്റേതെങ്കിലും രൂപത്തിൽ കരസ്ഥമാക്കുകയോ ചെയ്യുന്ന യന്ത്രോപകരണങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും വർക്ക് - ഇൻ - പ്രോഗ്രസ്സുകളുടെയും പൂർത്തീകരിച്ച ഉത്പന്നങ്ങളുടെയും സ്റ്റോക്കുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് തിട്ടപ്പെടുത്തി ഭരണ സമിതിയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ട ഉത്തരവാദിത്വവും സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

ഒ). ഡയരക്ടർ ബോർഡിന്റെ അനുമതിയോടുകൂടി സെക്രട്ടറിക്ക് സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനു വേണ്ടിയുള്ള ഏത് പ്രവർത്തനങ്ങൾക്കും മറ്റു മെമ്പർമാരുടെ സേവനം എടുക്കാവുന്നതും പ്രസ്തുത അനുമതിയോടുകൂടി അവരെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കാവുന്നതുമാണ്.

11. സഹകരണ സംഘത്തിലെ തൊഴലവസരങ്ങൾ.

എ). സംഘത്തിലെ മെമ്പർമാർക്ക് തൊഴിൽ അവസരങ്ങൾ നൽകുന്നതിനുവേണ്ടി നേരിട്ടോ അല്ലാതെയോ ഉള്ള ഏതു പ്രവർത്തനവും സംഘത്തിന് നടപ്പിലാക്കാവുന്നതാണ്.

ബി). സംഘത്തിനു വേണ്ടി എടുക്കുന്ന പെയ്ഡ് സ്റ്റാഫിന്റെ നിയമനവും വേതനവും മറ്റ് ആനുകൂല്യങ്ങളും സംഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകളുടെയും അടിസ്ഥാനത്തിലായിരിക്കും.

12. സംഘത്തിന്റെ വ്യാപാരം.

എ). ജോബ് ഓർഡറുകൾ നേരിട്ടോ മറ്റു സ്ഥാപനങ്ങൾ മുഖേനയോ ഏറ്റെടുത്ത് നടപ്പിലാക്കാനും അതിനുവേണ്ടി മെമ്പർമാരെയോ, അല്ലാതുള്ളവരെയോ ഉപയോഗിക്കുവാനും ഇതിനു വേണ്ടി സംഘത്തിന് മറ്റുള്ള സ്ഥാപനങ്ങളുമായി കൂട്ടായി പ്രവർത്തിക്കാനും കഴിയുന്നതായിരിക്കും.

ബി). ഉത്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് അവ സംഘം നേരിട്ടോ, മറ്റു സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ വഴിയോ അവരുമായി കൂട്ടായോ സംഘത്തിന്റെ ഭരണ സമിതി നിശ്ചയിക്കുന്ന കരാറിൻമേൽ വിപണനം നടത്താവുന്നതാണ്. കൂടാതെ ഇതിലേക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ വാങ്ങാവുന്നതാണ്.

സി). സംഘത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മെമ്പർമാരെ പുറത്തുള്ള സ്ഥാപനങ്ങളിൽ അയച്ച് വിദഗ്ധ തൊഴിൽ പരിശീലനം നൽകികൊണ്ട് സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്നതാണ്.

ഡി). മറ്റുള്ള സ്ഥാപനങ്ങളുടെയോ പ്രസ്ഥാനങ്ങളുടെയോ വർക്കുകൾ ഫീസ് റേറ്റിലോ അല്ലാതെയോ ഭരണ സമിതി നിശ്ചയിക്കുന്ന പ്രകാരം മെമ്പർമാർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടി സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

ഇ). ഡയരക്ടർ ബോർഡ് നിശ്ചയിക്കുന്ന പ്രകാരം മെമ്പർമാരെയോ അല്ലാത്തവരെയോ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിച്ച് പരിശീലനം നൽകുകയും അതിനായി ഫീസ് ഈടാക്കാവുന്നതുമാണ്. സമാന്തര സ്വഭാവമുള്ള മറ്റു സ്ഥാപനങ്ങളില് തൊഴിൽ പഠിപ്പിച്ച് പരിശീലിപ്പിച്ച വ്യക്തികൾക്ക് സംഘത്തിൽ തൊഴിൽ നൽകാവുന്നതാണ്.

6. സംഘത്തിന്റെ വാണിജ്യപരവും വ്യവസായപരവുമായ വളർച്ചക്കുവേണ്ടി സംഘം തനതായോ സമാന്തര സ്വഭാവമുള്ള ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളുമായോ കൂട്ടുചേർന്ന് വ്യവസായ വാണിജ്യ സംരംഭങ്ങൾ നടത്താവുന്നതാണ്.

7. തൊഴിൽ പുനരധിവാസത്തിന്റെ ഭാഗമായി സമാന്തര സ്വഭാവമുള്ള പീഢിത വ്യസായങ്ങളെ സംഘത്തിന് തനതായോ പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ മാനേജ്മെന്റുമായി കൂട്ടായോ, അല്ലെങ്കില് മറ്റുള്ള വ്യക്തികൾ/ സ്ഥാപനങ്ങളുമായി ചേർന്ന് കൂട്ടായോ ഏറ്റെടുത്ത് നടത്തി സംഘത്തിന്റെ വ്യവസായ വാണിജ്യ ശൃംഖലയുടെ ഭാഗമാക്കി മാറ്റാവുന്നതാണ്.

13. ലാഭം.

എ). 1. ഓരോ വർഷവും സംഘത്തിന്റെ അറ്റാദായത്തിന്റെ 25% ൽ കുറയാത്ത തുക റിസർവ് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും 5% ൽ കവിയാത്ത തുക ചട്ടപ്രകാരം സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്ക് അടക്കേണ്ടതുമാണ്.

2. സംഘത്തിന് വാർഷികമായി അംഗങ്ങൾക്ക് നൽകാവുന്ന ഡിവിഡന്റ് 20% ൽ അധികരിക്കാൻ പാട്ടുള്ളതല്ല.

3. ബാക്കി തുകയിൽ നിന്നും താഴെ പറയുന്ന അനുപാതത്തിൽ ക്രമീകരണം ഉണ്ടാക്കേണ്ടതാണ്. 5% ൽ കവിയാത്ത തുക മെമ്പർമാരുടെ വേതന സമീകരണ ഫണ്ടിലേക്ക് വാർഷികമായി വേതന നിരക്ക് നിശ്ചയിക്കുമ്പോൾ സമകാലികമായ സമാന്തര സ്വഭാവമുള്ള പ്രസ്ഥാനങ്ങളിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് വേതനത്തിലെ കുറവുകള് നികത്തി മെമ്പർമാർക്ക് ക്ലിപ്തപ്പെടുത്തിയ വേതനം നൽകുവാൻ ഈ ഫണ്ടില് നിന്നും തുക ഉപയോഗിക്കാവുന്നതാണ്.

ബി). മെമ്പർമാരുടെ തൊഴിൽ സംരക്ഷണത്തിൽ. പുനരധിവാസത്തിനും തൊഴിൽ മേഖല വിപുലീകരിക്കുന്നതിനും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലയിലുള്ള ഉന്നമനത്തിനു വേണ്ടിയും ഏതു ഫണ്ട് രൂപീകരിക്കുന്നതിനും സംഘത്തിന്റെ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഈ ഫണ്ടുകളിലേക്ക് അറ്റാദായത്തിന്റെ 20% ൽ കവിയാത്ത തുക മാത്രമേ വിനിയോഗിക്കാവൂ.

സി). അറ്റാദായത്തിന്റെ 15% ൽ കവിയാത്ത തുക സംഘത്തിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്.

ഡി). അറ്റാദായത്തിന്റെ 10% ൽ കവിയാത്ത തുക പണിയെടുക്കാൻ കഴിയാത്ത വിധം അവശരാവുന്ന മെമ്പർമാർക്ക് സഹായ ധനമായി നൽകാൻ ഉപയോഗിക്കാവുന്നതാണ്.

14. കരുതൽ ധനം.

എ). കരുതൽ ധനം (റിസർവ് ഫണ്ട്) സംഘത്തിന് [illegible] താമായി നേരിടുന്ന കണ്ടു നഷ്ടങ്ങൾ [illegible] നികത്തുന്നതിന് ഉപയോഗിച്ചിട്ടുള്ളതും [illegible] ത്തളുമാകുന്നു. ഒരംഗത്തിനും അതിൽ [illegible] അവകാശമുണ്ടായിരിക്കുന്നതല്ല.

ബി). സംഘത്തിന്റെ കരുതൽ ധനം സഹകരണ സംഘം ആക്റ്റിലെ 57 ാം വകുപ്പ് [illegible] അനുസരിച്ചുള്ള ഏതെങ്കിലും വിധത്തിലല്ലാതെ മറ്റു യാതൊരു വിധത്തിലും [illegible] നിക്ഷേപിക്കുകയോ ചെയ്യുന്നതല്ലാത്തതാകുന്നു.

15. സംഘം പുറപ്പെടുവിക്കുന്ന നോട്ടീസുകൾ.

